**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(എം.എസ്) നം. 118 /2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.08.2016.

=====================================================================

**പരാമർശം :** 1) സ.ഉ.(എം.എസ്) നം. 200/2011/തസ്വഭവ. തീയതി 25.08.2011.
2) സ.ഉ. (സാധാ) നം. 2267/2015/തസ്വഭവ തീയതി 24.07.2015.
3) സ.ഉ. (സാധാ) നം. 2648/2015/തസ്വഭവ തീയതി 31.08.2015
4) നഗരകാര്യ ഡയറക്ടറുടെ 19.02.2016-ലെ ഇ2-809/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ നഗരസഭാ/ മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിലവിൽ ഉണ്ടായിരുന്ന സേവന വേതന വ്യവസ്ഥകൾ പരാമർശം (1) പ്രകാരം പരിഷ്ക്കരിച്ചുകൊണ്ട് 01.07.2009 മുതൽ പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഇപ്രകാരം നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ശിപാർശകൾ സമർപ്പിക്കുന്നതിന് നഗരകാര്യ ഡയറക്ടർ കൺവീനറായുള്ള കമ്മിറ്റിയെ പരാമർശം (2), (3) പ്രകാരം നിയോഗിച്ചിരുന്നു. പ്രസ്തുത ശമ്പള പരിഷ്ക്കരണ കമ്മിറ്റി, നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ വിവിധ സംഘടനാ പ്രതിനിധികളുമായി 25.02.2016-ൽ ചർച്ച നടത്തുകയും ശമ്പള പരിഷ്ക്കരണ ശിപാർശകൾ സംബന്ധിച്ച് സൂചന (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത വിഭാഗം ജീവനക്കാരുടെ വിവിധ ആവശ്യങ്ങളും ശമ്പള പരിഷ്ക്കരണ കമ്മിറ്റിയുടെ ശിപാർശകളും സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് സ്വീകരിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങളും പരിഗണിച്ച് സംസ്ഥാനത്തെ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഇതോടൊപ്പമുള്ള അനുബന്ധങ്ങളിൽ വിശദീകരിക്കും വിധം പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ശമ്പള പരിഷ്ക്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത അതാത് നഗരസഭകൾ/കോർപ്പറേഷനുകൾ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ടി.കെ. ജോസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
4) ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.
5) ഡയറക്ടർ, കില, തൃശൂർ.
6) നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ. കൊല്ലം/കൊച്ചി/കോഴിക്കോട്.
7) എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ
8) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും മുഖേന)
9) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം.
10) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
11) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
12) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ ( ഈ ഉത്തരവ് വെബ്-സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
13) ധനവകുപ്പ് (File No. DEV-1/95/2016/Fin. dated 22.07.2016 പ്രകാരം.)
14) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - I

1. സംസ്ഥാനത്തെ നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷനുകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരെ നാല് കാറ്റഗറികളിലായി വിന്യസിച്ചിരിക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം തുടരുന്നതിനും എന്നാൽ ശമ്പള പരിഷ്ക്കരണത്തിന് ടി നാലു കാറ്റഗറികളെ നിലവിലുള്ള പോലെ കാറ്റഗറി I (സ്കിൽഡ് വർക്കേഴ്സ്), കാറ്റഗറി II (അൺസ്കിൽഡ് വർക്കേഴ്സ്) എന്ന തരംതിരിവ് നിലനിർത്തി കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് താഴെപ്പറയുന്ന മാസ്റ്റർ ശമ്പള നിരക്കും, കാറ്റഗറി ഒന്നിനും രണ്ടിനും പ്രവേശന തസ്തികയിൽ ചുവടെ പട്ടികയിൽ പറയുന്ന പ്രകാരം പ്രത്യേക നിരക്കും 8, 15, 22, 27 വർഷ സമയബന്ധിത ഗ്രേഡും അനുവദിക്കുന്നു.

**മാസ്റ്റർ ശമ്പള നിരക്ക്**

**17000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000**

**പട്ടിക**
**(പുതുക്കിയ ശമ്പള/സമയബന്ധിത ഗ്രേഡ് നിരക്കുകൾ)**
**കാറ്റഗറി I (സ്കിൽഡ് വർക്കേഴ്സ് )**

| നിലവിലുള്ള സ്കെയിൽ | പുതുക്കിയ സ്കെയിൽ |
|---|---|
| **പ്രവേശന തസ്തിക** | **പ്രവേശന തസ്തിക** |
| 8960-230-9190-250-9940-270-11020-300-12220-330-13210 | 17500-500-20000--550-22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 |
| **8 വർഷ സമയബന്ധിത ഗ്രേഡ്** | **8 വർഷ സമയബന്ധിത ഗ്രേഡ്** |
| 9190-250-9940-270-11020-300-12220-330-13540-360-14620 | 18000-500-20000-550-22200-600-25200 650-27800-700-29900-800-33900-900-37500-1000-41500 |

| | |
|---|---|
| **15 വർഷ സമയബന്ധിത ഗ്രേഡ്** | **15 വർഷ സമയബന്ധിത ഗ്രേഡ്** |
| 9440-250-9940-270-11020-300-12220-330-13540-360-14980 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |
| **22 വർഷ സമയബന്ധിത ഗ്രേഡ്** | **22 വർഷ സമയബന്ധിത ഗ്രേഡ്** |
| 9690-250-9940-270-11020-300-12220-330-13540-360-14980-400-15380 | 20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-45800 |
| **27 വർഷ സമയബന്ധിത ഗ്രേഡ്** | **27 വർഷ സമയബന്ധിത ഗ്രേഡ്** |
| 9940-270-11020-300-12220-330-13540-300-14620-360-14980-400-15780 | 22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000 |

## കാറ്റഗറി II (സാനിട്ടേഷൻ വർക്കേഴ്സ്)

| **നിലവിലുള്ള സ്കെയിൽ** | **പുതിയ സ്കെയിൽ** |
|---|---|
| പ്രവേശന തസ്തിക | പ്രവേശന തസ്തിക |
| 8730-230-9190-250-9940-270-11020-300-12220-330-12550 | 17000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500 |
| **8 വർഷ സമയബന്ധിത ഗ്രേഡ്** | **8 വർഷ സമയബന്ധിത ഗ്രേഡ്** |
| 8960-230-9190-250-9940-270-11020-300-12220-330-13210 | 17500-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-39500 |
| **15 വർഷ സമയബന്ധിത ഗ്രേഡ്** | **15 വർഷ സമയബന്ധിത ഗ്രേഡ്** |
| 9190-250-9940-270-11020-300-12220-330-13540-360-14620 | 18000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-41500 |
| **22 വർഷ സമയബന്ധിത ഗ്രേഡ്** | **22 വർഷ സമയബന്ധിത ഗ്രേഡ്** |
| 9440-250-9940-270-11020-300-12220-330-13540-360-14980 | 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 |

| 27 വർഷ സമയബന്ധിത ഗ്രേഡ് | 27 വർഷ സമയബന്ധിത ഗ്രേഡ് |
|---|---|
| 9690-250-9940-270-11020-300-12220-330-13540-360-14980-400-15380 | 20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-45800 |

## II. ശമ്പള നിർണ്ണയത്തിനുള്ള ചട്ടങ്ങൾ

(എ) പുതുക്കിയ ശമ്പള നിരക്കുകൾക്ക് 01.07.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ബി) 01.07.2014-ന് തൊട്ട് മുമ്പുള്ള ശമ്പള സ്കെയിലിൽ 01.07.2014 ലെ ശമ്പളം, ശമ്പള നിർണയത്തിന് നിലവിലുള്ള നിരക്കായി കണക്കാക്കുന്നതാണ്.

(സി) ശമ്പള നിർണ്ണയത്തിനുള്ള അടിസ്ഥാന ശമ്പളം 01.07.2014 ലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കേണ്ടത് ടി അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ഡി.എ. കൂടി ലയിപ്പിക്കുന്നതും ഇപ്രകാരം ലഭിക്കുന്ന തുകയോടൊപ്പം അടിസ്ഥാന ശമ്പളത്തിന്റെ 12% ഫിറ്റ്മെന്റ് ബെനിഫിറ്റ് കൂടി ചേർത്ത് ശമ്പളം നിർണ്ണയിക്കേണ്ടതാണ്. ഇപ്രകാരം നിശ്ചയിക്കുന്ന ഫിറ്റ്മെന്റ് ബെനിഫിറ്റിന്റെ തുക 2000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ പൂർത്തിയായ ഓരോ വർഷത്തിനും $^{1}/2\%$ വെയിറ്റേജ് നൽകുന്നതും ആയത് പരമാവധി 15% മായി നിജപ്പെടുത്തിയിരിക്കുന്നതുമാണ്. ഫിറ്റ്മെന്റ് ബെനിഫിറ്റും വെയിറ്റേജും ചേർന്നുള്ള തുക 12000/- രൂപയിൽ അധികരിക്കാൻ പാടില്ല.

(ഡി) 'സി' യിൽ ലഭിക്കുന്ന തുക പുതുക്കിയ ശമ്പള സ്കെയിലിലെ തൊട്ടടുത്ത സ്റ്റേജിൽ നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നിർണ്ണയിക്കുന്ന ശമ്പളം പുതിയ ശമ്പള നിരക്കിന്റെ പരമാവധിയേക്കാൾ കൂടുതൽ ആണെങ്കിൽ പുതിയ നിരക്കിലെ ശമ്പളം പുതുക്കിയ ശമ്പള നിരക്കിന്റെ പരമാവധിയായി നിശ്ചയിക്കേണ്ടതും വ്യത്യാസമുള്ള തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതുമാണ്. ടി പേഴ്സണൽ പേ ഭാവിയിലുള്ള ഇൻക്രിമെന്റ് മൂലമുള്ള ശമ്പള വർദ്ധനവിൽ ലയിപ്പിക്കുന്നതല്ല. എന്നാൽ

ശമ്പള നിർണ്ണയം, അവധി ശമ്പളം, അലവൻസുകൾ (ക്ഷാമബത്ത), പെൻഷൻ എന്നിവയ്ക്ക് കണക്കിലെടുക്കുന്നതാണ്. അടുത്ത ഇൻക്രിമെന്റ് പഴയ സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയിൽ തന്നെ ലഭിക്കുന്നതാണ്. പുതുക്കിയ സ്കെയിലിൽ നിർണ്ണയിക്കുന്ന ശമ്പളം മാസ്റ്റർ സ്കെയിലിലെ പരമാവധിക്കും മുകളിലാണെങ്കിൽ അധികരിക്കുന്ന തുക residuary pay ആയി അനുവദിക്കും. ടി തുക DA കണക്കാക്കുന്നതിനു മാത്രമേ പരിഗണിക്കൂ. മറ്റ് ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന് ടി തുക പരിഗണിക്കുന്നതല്ല.

(ഇ) സർവ്വീസ് വെയിറ്റേജ് - ഡയസ് നോൺ കാലയളവ്, സഞ്ചിത പ്രാബല്യമില്ലാതെ ഇൻക്രിമെന്റ് തടഞ്ഞ കാലയളവ് എന്നിവ സർവ്വീസ് വെയിറ്റേജിന് കണക്കിലെടുക്കാവുന്നതാണ്. ഇൻക്രിമെന്റിന് കണക്കിലെടുക്കാത്ത അവധി കാലയളവ് സർവ്വീസ് വെയിറ്റേജിന് കണക്കിലെടുക്കേണ്ടതില്ല. മുനിസിപ്പൽ കോമൺ സർവ്വീസിനു പുറത്തുള്ള സേവനകാലം സർവ്വീസ് വെയിറ്റേജിന് കണക്കിലെടുക്കേണ്ടതില്ല.

(എഫ്) 01.07.2014 ന് ശേഷം നിയമനം ലഭിച്ച ജീവനക്കാരെ പുതിയ ശമ്പള സ്കെയിലിൽ നിയമിക്കുന്നതായിട്ട് കണക്കാക്കി ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

## III. ഓപ്ഷൻ

01.07.2014 ൽ എല്ലാ ജീവനക്കാരും പരിഷ്ക്കരിച്ച സ്കെയിലിൽ വരേണ്ടതാണ്. മറ്റൊരു തീയതി തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

## IV. ഉത്തരവിന്റെ പ്രാബല്യവും കുടിശ്ശികയും

പുതുക്കിയ നിരക്കിലുള്ള ശമ്പള വർദ്ധനവിന് 01.07.2014 മുതൽ പ്രാബല്യം നൽകാവുന്നതാണ്. ഉത്തരവിറങ്ങുന്ന മാസം ഒന്നാം തീയതി മുതൽ പുതുക്കിയ ശമ്പളം അനുവദിക്കാവുന്നതാണ്. ശമ്പള പരിഷ്ക്കരണം വഴിയുള്ള കുടിശ്ശിക

11.03.2016 ലെ 46/16/ധന സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.04.2017 മുതൽ പി.എഫ്. നു ബാധകമായ പലിശ നിരക്കിൽ നാലു തുല്യ അർദ്ധവാർഷിക ഗഡുക്കളായി അനുവദിക്കാവുന്നതാണ്.

V. **ക്ഷാമബത്ത**

പുതുക്കിയ ശമ്പള നിരക്കിൽ ക്ഷാമബത്ത 01.01.2015 മുതൽ 3% ഉം 01.07.2015 മുതൽ 3% (ആകെ 6%), 01.01.2016 മുതൽ 3% ഉം (ആകെ 9%) അനുവദിക്കാവുന്നതാണ്.

VI. **സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്**

പരമാവധി അഞ്ച് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുന്നു. അതിൽ ആദ്യത്തെ നാലെണ്ണം വാർഷികമായിട്ടും അവസാനത്തേത് ദ്വൈവാർഷികമായും അനുവദിക്കാവുന്നതാണ്.

VII. സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ സംബന്ധിച്ച് സർക്കാർ ജീവനക്കാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും കണ്ടിജന്റ് ജീവനക്കാർക്കും ബാധകമാണ്.

VIII. സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ ശമ്പള പരിഷ്ക്കരണത്തെ സംബന്ധിച്ച് പിന്നീട് സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതികൾ എന്നിവ കണ്ടിജന്റ് ജീവനക്കാർക്കും ബാധകമായിരിക്കും.

## IX. വീട്ടുവാടക അലവൻസ്

കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് താഴെപ്പറയുന്ന നിരക്കിൽ വീട്ടുവാടക അലവൻസ് അനുവദിക്കാവുന്നതാണ്.

| ക്രമ. നം. | ശമ്പളതോത് (രൂപ) | ബി2 ക്ലാസ് നഗരങ്ങൾ | സി ക്ലാസിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾ | മറ്റ് മുനിസിപ്പാലിറ്റികൾ |
|---|---|---|---|---|
| 1 | 17000–26500 | 1500 | 1250 | 1000 |
| 2 | 26501–42500 | 2000 | 1500 | 1250 |
| 3 | 42501–48000 | 2500 | 1750 | 1500 |

**കുറിപ്പ് :** 1. ബി ക്ലാസ്സ് സിറ്റി എന്നത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശൂർ, കണ്ണൂർ നഗരങ്ങളും,'സി ക്ലാസ്സ്' എന്നത് ആലപ്പുഴ, ചങ്ങനാശ്ശേരി, കാഞ്ഞങ്ങാട്, കാസർഗോഡ്, കായംകുളം, കുന്നംകുളം, കോട്ടയം, മലപ്പുറം, മഞ്ചേരി, നെടുമങ്ങാട്, നെയ്യാറ്റിൻകര, പാലക്കാട്, പയ്യന്നൂർ, പൊന്നാനി, കൊയിലാണ്ടി, തളിപ്പറമ്പ്, തിരുവല്ല, തിരൂർ, വടകര, എന്നീ നഗരങ്ങളും ആയിരിക്കും.

2. മറ്റ് മുനിസിപ്പാലിറ്റികൾ എന്നത് ബി, സി ക്ലാസ് വിഭാഗത്തിൽപ്പെടാത്ത മുനിസിപ്പൽ പ്രദേശവും, ബി,സി, ക്ലാസ് വിഭാഗത്തിൽപ്പെടാത്ത ജില്ലാ/താലൂക്ക് ആസ്ഥാന പ്രദേശവും ആയിരിക്കും.

## X. സിറ്റി കോമ്പൻസേറ്ററി അലവൻസ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാകുന്ന നിരക്കിൽ പ്രതിമാസം

താഴെപ്പറയുന്ന പ്രകാരം സിറ്റി കോമ്പൻസേറ്ററി അലവൻസ് അനുവദിക്കാവുന്നതാണ്.

| ക്രമ നംപർ | അടിസ്ഥാന ശമ്പളം | പ്രതിമാസ നിരക്ക് (രൂപ) |
|---|---|---|
| 1 | 17000 മുതൽ 26500 വരെ | 300/- |
| 2 | 26501 മുതൽ 42500 വരെ | 350/- |
| 3 | 42501 മുതൽ 48000 വരെ | 400/- |

XI **സ്പെഷ്യൽ അലവൻസ്:** (പ്രതിമാസം) 125 രൂപയായി, വർദ്ധിപ്പിച്ച് ഉത്തരവിറങ്ങുന്ന മാസം 1-ാം തീയതി പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്.

XII. **റിസ്ക് അലവൻസ്:** (പ്രതിമാസം) 200 രൂപയായി, ഉത്തരവിറക്കുന്ന മാസം 1-ാം തീയതി മുതൽ വർദ്ധിപ്പിച്ച് അനുവദിക്കാവുന്നതാണ്.

XIII. **ഹിൽ ട്രാക്റ്റ് അലവൻസ്:**

സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ ചട്ടപ്രകാരം അർഹരായവർക്ക് നൽകാവുന്നതാണ്.

XIV. **വാഷിംഗ് അലവൻസ്:** (പ്രതിമാസം) 200 രൂപയായി വർദ്ധിപ്പിക്കാവുന്നാണ്.

XV. **ചൂൽ അലവൻസ്:**

നിലവിലുള്ള പ്രതിമാസ നിരക്കായ 175 രൂപ, 250 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവിറങ്ങുന്ന മാസം 1-ാം തീയതി മുതൽ നൽകാവുന്നതാണ്.

XVI. **തയ്യൽക്കൂലി :** ബ്ലൗസ് ഒന്നിന് 125 രൂപ, ഷർട്ട് ഒന്നിന് 200 രൂപ, ട്രൗസർ 300 രൂപ നിരക്കിൽ നൽകാവുന്നതാണ്.

XVII. **യൂണിഫോം അലവൻസ്:** 3 ജോഡി അനുവദിച്ചിട്ടുള്ളത് 4 ജോഡിയായി അനുവദിക്കുന്നു. കൂടാതെ വനിതകൾക്കു ഓവർകോട്ട് ( ഒരു വർഷം നാലെണ്ണം) നൽകേണ്ടതാണ്.

XVIII. **സോപ്പ് :** നിലവിലെ വ്യവസ്ഥ തുടരുന്നതാണ്.

XIX. **മെഡിക്കൽ അലവൻസ് /മെഡിക്കൽ റീ. ഇംബേഴ്സ്മെന്റ്**

29.09.2000-ലെ ജി.ഒ (എം.എസ്) നമ്പർ 274/2000/തസ്വഭവ. സർക്കാർ ഉത്തരവിൽ അനുവദിച്ച പ്രകാരം കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡൻസ്) ചട്ടങ്ങൾ പ്രകാരമുള്ള മെഡിക്കൽ റീ.ഇംബേഴ്സ്മെന്റിന് കണ്ടിജന്റ് ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ അവർക്ക് മെഡിക്കൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

XX. **ആർജ്ജിതാവധി സറണ്ടർ**

കണ്ടിജന്റ് ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷത്തിലൊരിക്കൽ മാത്രം 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ അനുവദിക്കാവുന്നതാണ്. ആർജ്ജിതാവധി നിർണ്ണയാനുപാതം $^{1}/_{11}$ ആയി നിജപ്പെടുത്തുന്നു.

XXI. **അർദ്ധ വേതനാവധി:** നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ്.

XXII. **മെഡിക്കൽ ചെക്കപ്പ് :** നിലവിലുള്ള സമ്പദായം തുടരുന്നതാണ്.

വർഷത്തിൽ നാല് മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിന് നഗരസഭകൾക്ക് പ്രത്യേകം നിർദ്ദേശം പുറപ്പെടുവിയ്ക്കേണ്ടതാണ്. കൂടാതെ, ഫോട്ടോ പതിച്ച ഹെൽത്ത് കാർഡുകൾ നൽകേണ്ടതാണ്.

XXIII. **ഭവന നിർമ്മാണ വായ്പ / വാഹന വായ്പ** : നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ്.

XXIV. **ബാദ്ധ്യത എഴുതിത്തള്ളൽ** : നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ്.

XXV. **വിദ്യാഭ്യാസ ആനുകൂല്യം :** ജീവനക്കാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നിലവിലുള്ള ഉത്തരവുകൾ പ്രകാരം തുടരാവുന്നതാണ്. എന്നാൽ ജി.ഒ(പി)7/2016/ഫിൻ, തീയതി 20.01.2016 ലെ ഖണ്ഡികകൾ 23, 24, 25 കളിൽ പ്രതിപാദിക്കുന്ന അലവൻസുകൾ അനുവദിക്കാവുന്നതാണ്. (ഭിന്നശേഷിക്കാരായ ജീവനക്കാർക്കുള്ള പ്രത്യേക അലവൻസ് പ്രതിമാസം 800/- രൂപ, പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്ക്കൂളുകളിലും പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ മാതാപിതാക്കളായ ജീവനക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം പ്രതിമാസം 600/- രൂപ, ചൈൽഡ് കെയർ അലവൻസ് ആനുകൂല്യം പ്രതിമാസം 1500/- രൂപ, ഒരു കുട്ടിക്കുള്ള വാർഷിക പരിധി 18000/- രൂപ) കൂടാതെ എസ്.സി. /എസ്.റ്റി വിഭാഗങ്ങൾക്കു കാലാകാലങ്ങളിൽ അനുവദിക്കുന്ന തുക അനുവദിക്കാവുന്നതാണ്.

XXVI. **ജോലി സമയവും ഹാജർ രേഖപ്പെടുത്തലും**

ജീവനക്കാരുടെ ജോലി സമയത്തിൽ വർദ്ധനവ് വരുത്താതെ ഡ്യൂട്ടി സമയത്തിൽ ആവശ്യമായ ക്രമീകരണം വരുത്തി നഗര ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അതാത് നഗരസഭകൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അറ്റൻഡൻസ് സമ്പ്രദായം ആരംഭിക്കണം.

XXVII. **കണ്ണട അലവൻസ്**

സർക്കാർ ജീവനക്കാർക്ക് 5 വർഷത്തിലൊരിക്കൽ 1200/- രൂപ കണ്ണട റീ ഇംബേഴ്സ്മെന്റ് ആയി അനുവദിച്ചിട്ടുണ്ട്. അത് കണ്ടിജന്റ് ജീവനക്കാർക്കും അനുവദിക്കാവുന്നതാണ്.

XXVIII. **മെറ്റേണിറ്റി ലീവ് :** കണ്ടിജന്റ് വനിതാ ജീവനക്കാർക്ക് 180 ദിവസത്തെ മെറ്റേണിറ്റി ലീവും 45 ദിവസത്തെ ഹിസ്റ്ററക്ടമി ലീവും അനുവദിക്കാവുന്നതാണ്.

XXIX. **പ്രൊമോഷൻ :** deleted

XXX. **വിനോദയാത്ര :** deleted

XXXI. **സ്ഥിരപ്പെടുത്തൽ :** deleted

XXXII. **അവധി ദിന വേതനം :** deleted

XXXIII. **അപകടം :**

സ്ഥിര ജീവനക്കാർക്ക് ഡ്യൂട്ടി സമയത്തിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കെ.എസ്.ആർ - ലെ വ്യവസ്ഥകൾ പ്രകാരം special disability leave അനുവദിക്കാവുന്നതാണ്.

XXXIV. **പെറ്റേർണിറ്റി ലീവ് :**

സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്നതുപോലെ 10 ദിവസത്തെ ലീവ് കണ്ടിജന്റ് ജീവനക്കാർക്കും അനുവദിക്കാവുന്നതാണ്.

XXXV. തസ്തികയുടെ പേര്: deleted

XXXVI. കണ്ടിജന്റ് സർവ്വീസ് റൂൾ തയ്യാറാക്കുക: deleted

XXXVII. deleted

XXXVIII. deleted

XXXIX. deleted

XL. deleted

XLI. deleted

XLII. പെൻഷൻ : കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം സംബന്ധിച്ച് പിന്നീട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.